2026
July
07
TUESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




## മണിക്കൂറിൽ 320 കിലോമീറ്റർ വേഗം

# ഇന്ത്യയുടെ ബുള്ളറ്റ് ട്രെയിൻ യാഥാർഥ്യത്തിലേക്ക്



**മുംബൈ:** മുംബൈഅഹമ്മദാബാദ് ബുള്ളറ്റ് ട്രെയിൻ പദ്ധതിയിൽ സൂറത്തിനെയും ബിലിമോറയെയും ബന്ധിപ്പിക്കുന്ന ആദ്യ ഘട്ടം 2027ൽ ഉദ്ഘാടനം ചെയ്യുമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. ഇന്ത്യയിലെ ആദ്യത്തെ അതിവേഗ റെയിൽ ഇടനാഴിയുടെ ഏകദേശം 80% പണികളും ഇതിനകം പൂർത്തിയായിട്ടുണ്ടെന്നും ബാക്കി ഭാഗങ്ങൾ ഘട്ടങ്ങളായി തുറക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

ബുള്ളറ്റ് ട്രെയിനിന്റെ സൂറത്ത് മുതൽ ബിലിമോറ വരെയുള്ള ആദ്യ ഘട്ടം 2027ൽ ഉദ്ഘാടനം ചെയ്യും. അതിനുശേഷം വാപിസൂറത്ത് സെക്ഷനും, തുടർന്ന് വാപിഅഹമ്മദാബാദ്, അഹമ്മദാബാദ്താനെ, അഹമ്മദാബാദ്മുംബൈ എന്നീ ഭാഗങ്ങളും ഘട്ടങ്ങളായി പൂർത്തിയാക്കും. ജോലികൾ വളരെ വേഗത്തിലാണ് പുരോഗമിക്കുന്നതെന്നും മന്ത്രി പറഞ്ഞു. മുംബൈ,അഹമ്മദാബാദ് ബുള്ളറ്റ് ട്രെയിൻ പദ്ധതി നിശ്ചയിച്ച സമയപരിധിക്കുള്ളിൽ തന്നെ പൂർത്തിയാക്കാൻ കഴിയുമെന്ന ആത്മവിശ്വാസമുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

പ്രാദേശിക നേതാക്കളുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം അഹമ്മദാബാദിലെ ഗതാഗത, റെയിൽവേ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിരവധി അടിസ്ഥാന സൗകര്യ വികസന പദ്ധതികളും റെയിൽവേ മന്ത്രി പ്രഖ്യാപിച്ചു.

ബുള്ളറ്റ് ട്രെയിനുകൾ മണിക്കൂറിൽ 350 കിലോമീറ്റർ വരെ വേഗത്തിൽ സഞ്ചരിക്കാൻ തക്കവണ്ണമാണ് രൂപകൽപന ചെയ്തിരിക്കുന്നത്. ഇവയുടെ സർവീസ് വേഗം മണിക്കൂറിൽ 320 കിലോമീറ്റർ ആയിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പദ്ധതി പൂർണമായും പ്രവർത്തന സജ്ജമാകുന്നതോടെ, മുംബൈയ്ക്കും അഹമ്മദാബാദിനും ഇടയിലുള്ള 508 കിലോമീറ്റർ ദൂരത്തെ യാത്രാസമയം ഏകദേശം 1 മണിക്കൂറും 58 മിനിറ്റുമായി കുറയും.



## കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾക്ക് 2647 കോടി രൂപയുടെ കേന്ദ്ര ഗ്രാന്റ്

**ന്യൂദൽഹി:** 16-ാം ധനകാര്യ കമ്മിഷൻ പ്രകാരം, കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾക്ക് അടുത്ത 5 വർഷം 2647 കോടി രൂപ ബേസിക് ഗ്രാന്റായി ലഭിക്കും. 2026-27ൽ 425 കോടി, 2027-28ൽ 472 കോടി, 2028-29ൽ 524 കോടി, 2029-30ൽ 581 കോടി, 2030-31ൽ 645 കോടി എന്നിങ്ങനെ ക്രമാനുഗത വർധന ഓരോ വർഷങ്ങളിലുമുണ്ടാകുമെന്നും കേന്ദ്ര സർക്കാർ അറിയിച്ചു. സംസ്ഥാന തദ്ദേശ മന്ത്രിമാർക്കു വേണ്ടി പഞ്ചായത്തിരാജ് മന്ത്രാലയം കഴിഞ്ഞ ദിവസം വിളിച്ച യോഗത്തിലാണ് ഈ കാര്യങ്ങൾ വിശദീകരിച്ചത്. തദ്ദേശ മന്ത്രി കെ.എം. ഷാജി കേരളത്തെ പ്രതിനിധീകരിച്ചു.

മുൻ ധനകമ്മിഷനുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇക്കുറി ഗ്രാന്റിൽ വലിയ വർധനയുണ്ട്. 15-ാം ധനകമ്മിഷൻ 2.37 ലക്ഷം കോടി രൂപയാണ് ഗ്രാമീണ തലത്തിലെ തദ്ദേശ സ്ഥാപനങ്ങൾക്കായി നീക്കിവച്ചത്. 16-ാം കമ്മിഷൻ റിപ്പോർട്ട് പ്രകാരം, 4.35 ലക്ഷം കോടി രൂപയാണ് അനുവദിക്കുക. വിഹിതത്തിൽ 84% വർധനയാണ് കമ്മിഷൻ നിർദേശിച്ചിരിക്കുന്നത്. ഗ്രാമീണ തദ്ദേശ സ്ഥാപനങ്ങൾക്കും (4.35 ലക്ഷം കോടി), മുനിസിപ്പൽ സ്ഥാപനങ്ങൾക്കുമായി (2.90 ലക്ഷം കോടി) ആകെ 7.91 ലക്ഷം കോടി രൂപയാണു നീക്കിവച്ചിരിക്കുന്നത്.

ജനസംഖ്യയുടെ അടിസ്ഥാനത്തിൽ വലുപ്പമേറിയ പഞ്ചായത്തുകളുടെ പട്ടികയിലാണ് കേരളം. 18,567 ആണ് കേരളത്തിലെ ശരാശരി ജനസംഖ്യ. ഇതേസമയം, ദേശീയതലത്തിൽ പഞ്ചായത്തുകളിലെ ശരാശരി ജനസംഖ്യ 4656 ആണെന്നും മന്ത്രിമാർക്കായി അവതരിപ്പിച്ച റിപ്പോർട്ടിൽ പറയുന്നു. ശരാശരി 18,623 വീതം അംഗങ്ങളുള്ള പഞ്ചായത്തുകളുമായി ബംഗാളാണ് കേരളത്തിനു തൊട്ടുമുകളിലുള്ളത്.

## കോമ്പൗണ്ട് റബറിന്റെ ഇറക്കുമതിയിൽ വൻ വർധന

**കോട്ടയം:** രാജ്യത്ത് കോമ്പൗണ്ട് റബറിന്റെ ഇറക്കുമതിയിൽ മുൻവർഷത്തെ അപേക്ഷിച്ചു വൻവർധനയും കയറ്റുമതിയിൽ നേരിയ വർധനയും രേഖപ്പെടുത്തി. 2023-24 കാലയളവിൽ 1,69,820 ടൺ ഇറക്കുമതി ചെയ്തപ്പോൾ



2425ൽ 2,45,407 ടണ്ണായി ഉയർന്നു.

23-24 അപേക്ഷിച്ച് 24-25ൽ 44.5 ശതമാനത്തിന്റെ വർധനവാണ് രേഖപ്പെടുത്തിയത്. കഴിഞ്ഞവർഷമിത് 3,48,735 ടണ്ണായി വീണ്ടും ഉയർന്നു. 2425നേക്കാൾ 42.1 ശതമാനത്തിന്റെ വർധനവുണ്ടായി.

അതേസമയം കയറ്റുമതിയിൽ ചെറിയ വർധനവാണ് രേഖപ്പെടുത്തിയത്. 2023-24ൽ 18,069 ടൺ കോമ്പൗണ്ട് റബർ കയറ്റുമതി ചെയ്തപ്പോൾ 24-25ൽ 17,085 ടണ്ണായി കുറഞ്ഞു.

മുൻവർഷത്തേക്കാൾ 5.4 ശതമാനം കുറവ്. 25-26ൽ 12.7 ശതമാനം ഉയർന്ന് 19,261 ടൺ കോമ്പൗണ്ട് റബർ കയറ്റുമതി ചെയ്തതായും റബർ ബോർഡ് പുറത്തുവിട്ട സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ടിൽ പറയുന്നു.

വ്യാവസായിക ഉപയോഗത്തിനായി പ്രകൃതിദത്ത, അസംസ്കൃത റബറിനൊപ്പം രാസമിശ്രിതം ചേർത്തുതയാറാക്കുന്ന റബറാണ് കോമ്പൗണ്ട് റബർ.








# നെയ്യാറ്റിൻകര രൂപതയിൽ വിജയോത്സവ് സംഘടിപ്പിച്ചു

**നെയ്യാറ്റിൻകര:** ലത്തീൻ രൂപതയിലെ വിവിധ ശുശ്രൂഷ സമിതികളുടെയും സംഘടനകളുടെയും നേതൃത്വത്തിൽ ലോഗോസ് പാസ്റ്ററൽ സെൻററിൽ വിജയോത്സ് 2026 സംഘടിപ്പിച്ചു. മന്ത്രി സി.പി. ജോൺ ഉദ്ഘാടനം ചെയ്തു.

നെയ്യാറ്റിൻകര രൂപത ബിഷപ് ഡോ. ഡി. സെൽവരാജൻ അധ്യക്ഷത വഹിച്ചു. നെയ്യാറ്റിൻകര രൂപത വികാരി ജനറാൾ മോൺ. ഡോ. ക്രിസ്തുദാസ് തോംസൺ, വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ ഫാ. രാഹുൽ ബി. ആൻറോ, പ്രോഗ്രാം കൺവീനർ മോൺ. ഡോ. ജോണി കെ.ലോറൻസ്, രൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി പോൾ, കെഎൽസിഎ പ്രസിഡൻറ് അനിൽ ജോസ്, കെഎൽസിഡബ്ല്യുഎപ്രസിഡൻറ് ഉഷ രാജൻ, കെസിവൈഎം പ്രസിഡൻറ് അരുൺ രാജ് എന്നിവർ പ്രസംഗിച്ചു.

കൃഷിമന്ത്രിയുടെ അസിസ്റ്റൻറ് പ്രൈവറ്റ് സെക്രട്ടറി ലിപു എസ്. ലോറൻസ്, സിവിൽ സർവീസ് റാങ്ക് ജേതാക്കന്മാരായ കുമാരി ശ്രീജ, നിധിൻ എന്നിവരെ ആദരിച്ചു. വിവിധ സർവകലാശാലകളിൽ നിന്നായി പിഎച്ച്ഡി, റാങ്ക് ജേതാക്കളെയും എസ്എസ്എൽസി, പ്ലസ് ടു, ഉന്നത വിജയം കരസ്ഥമാക്കിയവരെയും മെമന്റോ നൽകി ആദരിച്ചു.

# ഡോക്ടർമാരുടെ സേവനം വില മതിക്കാനാവാത്തത്: മന്ത്രി ബിന്ദു കൃഷ്ണ

**കൊല്ലം:** രത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ ഡോക്ടർമാർ നടത്തുന്ന സേവനം വിലപ്പെട്ടതാണെന്ന് മന്ത്രി ബിന്ദു കൃഷ്ണ. കേരള ഗവൺമെൻറ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻറെ ആഭിമുഖ്യത്തിൽ നിവേദിത കൊല്ലം സംഘടിപ്പിച്ച ഡോക്ടേഴ്സ് ദിനാചരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ചടങ്ങിൽ നിവേദിത ചെയർപേഴ്സൺ ഡോക്ടർ സി.എസ്. ശ്രീജ അധ്യക്ഷത വഹിച്ചു. കെജിഎംഒഎ പ്രസിഡന്റ് ഡോക്ടർ അജയ് കുമാർ മുഖ്യവിഷയം അവതരിപ്പിച്ചു.

ഇരവിപുരം എംഎൽഎ വിഷ്ണു മോഹൻ, ഡോക്ടർ ഉദയ സുകുമാരൻ, കൊല്ലം ഡിഎംഒ ഡോക്ടർ എ.എൽ. ഷീജ, ഡോ. രോഹൻ രാജ്, ഡോ. അജി അയിരൂർ തോമസ്, ഡോ. എൻ.ആർ. റീന, ഡോ.എം.എസ്. അനു, ഡോ. എ.ആർ. ശ്രീഹരി, ഡോ. ഒ. വാസുദേവൻ, ഡോ. പത്മപ്രസാദ്, ഡോ.ആർ. രമ്യ, ഡോ. ഷീജ ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.

ചടങ്ങിൽ കൊല്ലം ജില്ലയിലെ 40 ഗവൺമെൻറ് ഡോക്ടർമാരെ മികച്ച സേവനം കാഴ്ചവച്ചതിന് പൊന്നാടയും ഫലകവും നൽകി ആദരിച്ചു.

# ചരിത്ര പുസ്തക കോർണർ ആരംഭിച്ചു

**കരുനാഗപ്പള്ളി:** സബർമതി ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ ഗ്രന്ഥശാലയിൽ ചരിത്ര പുസ്തക കോർണർ ആരംഭിച്ചു. വട്ടത്തറയിൽ കോയാക്കുട്ടിയുടെ സ്മരണയ്ക്കായി കുടുംബാംഗങ്ങൾ സമ്മാനിച്ച ചരിത്ര പുസ്തകങ്ങൾ ഉൾപ്പെടുത്തിയാണ് പുസ്തക കോർണർ ഒരുക്കിയത്.

വായനനോത്സവത്തിന്റെ ഭാഗമായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് മുൻ അഡീഷണൽ ഡയറക്ടർ കെ.അബ്ദുൽ റഷീദ് പുസ്തക കോർണർ ഉദ്ഘാടനം ചെയ്തു.

സബർമതി ഗ്രന്ഥശാല പ്രസിഡൻറ് സുമൻജിത്ത് മിഷ അധ്യക്ഷനായിരുന്നു.

കേരള യൂത്ത് പ്രമോഷൻ കൗൺസിൽ ജനറൽ സെക്രട്ടറി അരുൺ ഭാരതീയൻ, വയോജന വേദി കൺവീനർ ബേബി ശ്യാം, ഗ്രന്ഥശാല സെക്രട്ടറി വി.ആർ ഹരികൃഷ്ണൻ, ബാലവേദി ജോ.കൺവീനർ നമൻ, വേണുഗോപാൽ, ലൈബ്രേറിയൻ ബിന്ദു എന്നിവർ പ്രസംഗിച്ചു.




# നിരണം തീർഥാടനത്തിന് വിശ്വാസീ സഹസ്രങ്ങൾ

**ചങ്ങനാശേരി:** ഭാരതത്തിന്റെ അപ്പസ്തോലൻ വിശുദ്ധ തോമ്മാശ്ലീഹായുടെ പാദസ്പർശത്താൽ പവിത്രമായ നിരണം തീർഥാടന കേന്ദ്രത്തിലേക്കു ചങ്ങനാശേരി അതിരൂപതയിലെ യുവജനങ്ങൾ നടത്തിയ ഇരുപതാമത് തീർഥാടനം ചരിത്രധന്യമായി. വിശ്വാസദീപ്തിയാൽ മനം നിറച്ച് പ്രാർഥനാപൂർവം കിലോമീറ്ററുകളോളം കാൽനടയായാണ് യുവദീപ്തി എസ്എംവൈഎം നേതൃത്വത്തിലുള്ള തീർഥാടനം സംഘടിപ്പിച്ചത്.

രാവിലെ മെത്രാപ്പോലീത്തൻ പള്ളിയിൽ ആർച്ച്ബിഷപ് എമരിറ്റസ് മാർ ജോസഫ് പെരുന്തോട്ടം വിശുദ്ധ കുർബാന അർപ്പിച്ച് അനുഗ്രഹസന്ദേശം നൽകിയാണ് തീർഥാടനം ആരംഭിച്ചത്. അതിരൂപത വികാരിജനറാൾ മോൺ.ആൻറണി എത്തയ്ക്കാട്ട് കത്തിച്ച തിരി അതിരൂപത പ്രസിഡൻറ് അലക്സ് മഞ്ഞുമ്മേലിനും പതാക ഡെപ്യൂട്ടി പ്രസിഡൻറ് ലൂസി ഫിലിപ്പോസിനും നൽകി തീർഥാടനം ഉദ്ഘാടനം ചെയ്തു. കത്തീഡ്രൽ പള്ളി വികാരി ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, അതിരൂപത ഡയറക്ടർ ഫാ. സാവിയോ മാനാട്ട് എന്നിവർ പ്രസംഗിച്ചു.

സെൻട്രൽ ജംഗ്ഷൻ, ളായിക്കാട്, ഇടിഞ്ഞില്ലം, വേങ്ങൽ, കാവുംഭാഗം, പൊടിയാടി വഴി 18 കിലോമീറ്റർ കാൽനടയായി സഞ്ചരിച്ച് തീർഥാടകർ നിരണം സെൻറ് തോമസ് തീർഥാടന കേന്ദ്രത്തിൽ എത്തിച്ചേർന്നു. മാർ ജോസഫ് പെരുന്തോട്ടം കാൽനടയായി തീർഥാടനത്തെ അനുഗമിച്ചത് തീർഥാടകർക്ക് ആവേശമായി. കൽവിളക്കിൽ തിരിതെളിച്ച് തീർഥാടകർ ദേവാലയത്തിൽ പ്രവേശിച്ചു. ഫാ. സാവിയോ മാനാട്ട് പ്രാർഥന ചൊല്ലി.

അതിരൂപതയുടെ വിവിധ ഫൊറോനകളിൽനിന്നുള്ള വൈദികർ, സന്യാസിനികൾ, യുവജനങ്ങൾ ഉൾപ്പെടെ ആയിരക്കണക്കിനുവരുന്ന വിശ്വാസീ സമൂഹം തീർഥാടനത്തിൽ അണിചേർന്നു.

ഭാരവാഹികളായ അജയ് വർഗീസ്, എം.പി പോൾ, മിലൻ ജെ. ഇളപ്പുങ്കൽ, ക്രിസ്റ്റിൻ സേവ്യർ, ലാലിച്ചൻ മറ്റത്തിൽ, അലീന മരിയ മാത്യു, ബ്രദർ അലൻ പൂരത്തുംകാലായിൽ, ലിബിൻ ബി. ചാക്കോ, റ്റോസ്മി തോമസ്, എലിസബത്ത് വർഗീസ്, ജോയൽ ജോൺ റോയ്, നോയൽ പ്രേംസൺ, ഡെറിൻ മണമേൽ, ആസ്റ്റിൻ ടോമി എന്നിവർ നേതൃത്വം നൽകി.

# ആധുനിക സൗകര്യങ്ങളോടെ തൃശൂർ റെയിൽവേ സ്റ്റേഷൻ നവീകരണം

**തൃശൂർ:** ആധുനിക സൗകര്യങ്ങളോടെ വിമാനത്താവള മാതൃകയിൽ വികസിപ്പിക്കുന്ന റെയിൽവേ സ്റ്റേഷന്റെ പുനർനിർമാണ പദ്ധതി ട്രാക്കിലാകുന്നു. സ്റ്റേഷന്റെ മുഖമുദ്രയായ പ്രധാന പ്രവേശന മന്ദിരവും അനുബന്ധ കെട്ടിടങ്ങളും ഈ മാസം പൊളിക്കും. ഒന്നാം പ്ലാറ്റ്ഫോമിലേക്കുള്ള ഈ പ്രവേശന കവാടത്തിലെ ടിക്കറ്റ് ബുക്കിങ് കൗണ്ടറുകൾ കഴിഞ്ഞ മാസം പഴയ റിസർവേഷൻ കേന്ദ്രത്തിലേക്കു മാറ്റിയിരുന്നു.

പിന്നാലെ സൈറ്റ് സർവേ, മണ്ണു പരിശോധന, കെട്ടിടങ്ങളുടെ രൂപകൽപന എന്നിവ പൂർത്തിയായതോടെയാണ് പ്രവൃത്തികൾ അടുത്തഘട്ടത്തിലേക്ക് കടക്കുന്നത്. ദക്ഷിണ റെയിൽവേ കൺസ്ട്രക്ഷൻ വിഭാഗവും കരാർ കമ്പനിയായ വെങ്കിടാചലപതി കൺസ്ട്രക്ഷൻസിന്റെ പ്രതിനിധികളും റെയിൽവേ ഉദ്യോഗസ്ഥരും വ്യാഴാഴ്ച സ്ഥലപരിശോധന നടത്തിയിരുന്നു. തുടർന്നു നടന്ന ചർച്ചയിലാണു പുനർനിർമാണ ജോലികൾ വേഗത്തിലാക്കാൻ തീരുമാനിച്ചത്.

പ്രധാന മന്ദിരത്തിലെ സ്റ്റേഷൻ മാനേജരുടെ മുറി, സമീപത്തുള്ള വിഐപി കേന്ദ്രം തുടങ്ങിയവ മുതൽ യാത്രക്കാർക്കുള്ള വിശ്രമ കേന്ദ്രം അടക്കമുള്ള ഭാഗങ്ങളാണ് ആദ്യഘട്ടത്തിൽ പൊളിക്കുക. മൂന്നാം വാരം പൊളിക്കൽ തുടങ്ങാനാണു ലക്ഷ്യമിടുന്നത്. ഒന്നാം പ്ലാറ്റ്ഫോമിൽ ബാരിക്കേഡുകൾ സ്ഥാപിക്കും.



നിലവിൽ സ്റ്റേഷൻ മാസ്റ്റർക്കും സിഗ്നലിങ് സംവിധാനത്തിനും വേണ്ടിയുള്ള പൈലിങ് ജോലികൾ അന്തിമഘട്ടത്തിലാണ്. ഒന്നാം പ്ലാറ്റ്ഫോമിന്റെ തെക്കു ഭാഗത്താണ് ഇവ നിർമിക്കുന്നത്. ദിവാൻജി മൂലയ്ക്കു സമീപം നിർമിക്കുന്ന 12 നില ഭവന സമുച്ചയത്തിന്റെ പൈലിങ് ടെസ്റ്റിങ്ങും നടക്കുന്നുണ്ട്. പൂത്തോൾ-വഞ്ചിക്കുളം ഭാഗത്തെ ഗുഡ്സ് ഷെഡിനു സമീപം പ്രൊജക്ട് മാനേജ്മെന്റ് സർവീസ് വിഭാഗത്തിനായുള്ള കെട്ടിടം പൂർത്തിയായിട്ടുണ്ട്. റെയിൽവേ ഓഫിസ്, ഗുഡ്സ് വിഭാഗം ഓഫിസ് എന്നിവ നിർമിക്കുന്നതിനുള്ള പൈലിങ് ജോലികളും ആരംഭിച്ചു.

ദിവാൻജി മൂലയിൽ നിന്നുള്ള വാഹനങ്ങൾക്കു റെയിൽവേ സ്റ്റേഷൻ വളപ്പിൽ ദേശീയ പതാക സ്ഥാപിച്ചിട്ടുള്ള കൊടിമരം വരെ മാത്രം പ്രവേശനം അനുവദിക്കാനാണ് ആലോചന. കൊടിമരത്തിനു സമീപം ഓട്ടോ, ടാക്സി പാർക്കിങ് സൗകര്യം ഒരുക്കും. കൊക്കാലയിൽ നിന്ന് ആർഎംഎസ് ഓഫിസിനു മുന്നിലൂടെ മുഖ്യ കവാടത്തിലേക്കുള്ള റോഡും അടയ്ക്കും. ഇവിടെ ഇരുചക്രവാഹന പാർക്കിങ് കേന്ദ്രം വരെ ഗതാഗതം അനുവദിച്ചേക്കും. 345 കോടി രൂപ ചെലവഴിച്ചുള്ള റെയിൽവേ സ്റ്റേഷൻ വികസനത്തിന്റെ ആദ്യഘട്ടം 2027 ജനുവരിയിൽ പൂർത്തിയാക്കുകയാണ് ലക്ഷ്യം. നിർമാണ ക്രമീകരണങ്ങളുടെ ഭാഗമായി യാത്രക്കാർക്കുള്ള മുഖ്യ പ്രവേശന കവാടവും അറിയിപ്പ് കേന്ദ്രവും ഇപ്പോൾ ടിക്കറ്റ് കൗണ്ടറുകൾ പ്രവർത്തിക്കുന്ന പഴയ റിസർവേഷൻ കേന്ദ്രത്തിന് എതിർവശത്ത് ഒരുക്കുന്ന ജോലികൾ പുരോഗമിക്കുകയാണ്. പാഴ്സൽ ഓഫിസിനു സമീപത്താണ് പുതിയ പ്രവേശന കവാടം. ഇതോടെ യാത്രക്കാർക്ക് ടിക്കറ്റെടുത്ത് റോഡ് കുറുകെ കടന്ന് ഒന്നാം പ്ലാറ്റ്ഫോമിലേക്ക് പ്രവേശിക്കാം. യാത്രക്കാർക്കുള്ള പൊതു വിശ്രമകേന്ദ്രം പഴയ സസ്യ ഭക്ഷണശാല പ്രവർത്തിച്ചിരുന്ന സ്ഥലത്തേക്കു മാറ്റും. തെക്കു ഭാഗത്തു നിന്ന് (കൊക്കാല) വരുന്നവർക്കായി ഒന്നാം പ്ലാറ്റ്ഫോമിന്റെ തെക്കേ അറ്റത്തുള്ള നടപ്പാലത്തിനു സമീപം ഓട്ടമാറ്റിക് ടിക്കറ്റ് വെൻഡിങ് യന്ത്രങ്ങൾ (എടിവിഎം) സജ്ജമാക്കും. ഈ യാത്രക്കാർക്ക് തെക്കേ കവാടത്തിലൂടെ പ്ലാറ്റ്ഫോമിലേക്കു പ്രവേശിക്കാം.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഡയാലിസിസ് സെന്റർ ആരംഭിക്കും

**ചങ്ങനാശേരി:** ജനറൽ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമെന്ന് വിനു ജോബ് എംഎൽഎ. ഐഎൻടിയുസി ചങ്ങനാശേരി മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വൃക്കരോഗികൾക്ക് കൈത്താങ്ങായി സംഘടിപ്പിച്ച സൗജന്യ ഡയാലിസിസ് കിറ്റ് വിതരണ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച മുൻ നഗരസഭാ വൈസ് ചെയർമാനും ഐഎൻടിയുസി ജില്ലാ സെക്രട്ടറിയുമായ ബെന്നി ജോസഫ് ജനറൽ ആശുപത്രിയിൽ ഡയലിസിസ് സെന്ററിന്റെ ആവശ്യകത ചൂണ്ടിക്കാട്ടിയപ്പോഴാണ് എംഎൽഎ ഇ പ്രകാരം പറഞ്ഞത്.

ജില്ലാ പ്രസിഡൻറ് ഫിലിപ്പ് ജോസഫ്, പ്രത്യാശ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുന്നശേരി, മുനിസിപ്പൽ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കുഞ്ഞുമോൻ പുളിമൂടൻ, ചാൾസ് പാലത്ര, എൽസമ്മ ജോബ്, പി.എച്ച്. അഷറഫ്, പി.വി. ജോർജ്, അനുപ് വിജയൻ, ബെന്നി മണ്ണാകുന്നേൽ, സുരേഷ് പായിപ്പാട്, മണിവാസൻ തോപ്പിൽ, വിഷ്ണു പങ്കജാക്ഷൻ, സിബിച്ചൻ ഫാത്തിമപുരം, മനോജ് പോളക്കൽ എന്നിവർ പ്രസംഗിച്ചു.



# ആവേശമായി സെനാക്കോളോ 2026

**ഇരിങ്ങാലക്കുട:** വിശ്വാസത്തിന്റെ ആഴവും കുടുംബ ബന്ധങ്ങളുടെ ഊഷ്മളതയും ഒരുമിച്ചുചേർന്ന ആത്മീയ സംഗമത്തിന് 'സെനാക്കോളോ 2026' ഇരിങ്ങാലക്കുട സെന്റ് തോ മസ് കത്തീഡ്രൽ വേദിയായി.

141 ഇടവകകളിൽനിന്നുള്ള കുടുംബയൂണിറ്റ് ഭാരവാഹികളുടെ സംഗമം പ്രാർഥനയുടെയും ചിന്തകളുടെയും അനുഭവങ്ങൾ പങ്കിടലിന്റെയും ആ ത്മീയ വേദിയായി.

കടമക്കുടി പള്ളി വികാരിയും പിൽഗ്രിംസ് കമ്യൂണിക്കേഷൻസ് അസി. ഡയറക്ടറുമായ റവ.ഡോ. നിബിൻ കുരിശി ങ്കൽ വിശ്വാസജീവിതവും കുടുംബമൂല്യങ്ങളും എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. മൂവാറ്റുപുഴ നഗരസഭ ചെയർപേഴ്സണും സംരംഭകയുമായ ജോയ്സി മേരി ആന്റണി 'കുടുംബനേതൃത്വം, സ്ത്രീശാക്തീകരണം, സാമൂഹിക ഉത്തരവാദിത്തം' എന്നിവ ആസ്പദമാക്കി പ്രഭാഷണം നടത്തി.

ദിവ്യബലിക്ക് ബിഷപ് മാർ പോളി കണ്ണൂക്കാടൻ മുഖ്യ കാർമികത്വം വഹിച്ചു. രൂപത വികാരി ജനറാൾമാരായ മോൺ. ജോസ് മാളിയേക്കൽ, മോൺ. വിൽസൺ ഈരത്തറ, മോൺ. ആൻറു ആലപ്പാടൻ, കത്തീഡ്രൽ വികാരി ഫാ.ഡോ. ലാസർ കുറ്റിക്കാടൻ, രൂപത കുടുംബകൂട്ടായ്മ ഡയറക്ടർ ഫാ. ഫ്രീജോ പാറയ്ക്കൽ, രൂപത മതബോധന ഡയറക്ടർ ഫാ. ഡോ. റിജോയ് പഴയാറ്റിൽ, സഹൃദയ കോളജ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ.ഡോ. ജോജി കല്ലിങ്ങൽ, ബിഷപ്സ് സെക്രട്ടറി ഫാ. ബെൽഫിൻ കോപ്പുള്ളി എന്നിവർ സഹകാർമികരായിരുന്നു.

ആത്മീയ പ്രചോദനവും വിജ്ഞാനപങ്കിടലും സമന്വയിപ്പിച്ച ക്ലാസുകൾക്കൊപ്പം വൈവിധ്യമാർന്ന കലാപരിപാടികളും ഗായകസംഘ വും സംഗമത്തിനു മിഴിവേകി.

# ഇന്റഗ്രേറ്റഡ് ലാബ് രണ്ടാംഘട്ട വിതരണം

**മണ്ണാർക്കാട്:** പൊതുവിദ്യാഭ്യാസ വകുപ്പും സമഗ്രശിക്ഷ കേരളയും കുസാറ്റും സംയുക്തമായി നടപ്പിലാക്കുന്ന സ്ട്രീം എക്കോസിസ്റ്റം പദ്ധതിയുടെ ഭാഗമായി അപ്പർ പ്രൈമറി വിദ്യാലയങ്ങൾക്കായുള്ള സ്റ്റാർസ് ഇൻറഗ്രേറ്റഡ് ലാബിൻറെ രണ്ടാംഘട്ട വിതരണം തെങ്കര ബിആർസിയിൽ നടത്തി.

തെങ്കര ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ഷീന ഉദ്ഘാടനം ചെയ്തു. വാർഡ് മെംബർ വിജീഷ് അധ്യക്ഷത വഹിച്ചു. മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് മെംബർ ഗിരീഷ് ഗുപ്ത വിദ്യാലയങ്ങൾക്കുള്ള ഇൻറഗ്രേറ്റഡ് ലാബ് കിറ്റുകൾ വിതരണം ചെയ്തു. ജില്ലാ പ്രോഗ്രാം ഓഫീസർ പി.എസ്. ഷാജി പദ്ധതി വിശദീകരണം നടത്തി. ബിആർസി സ്റ്റാഫ് സെക്രട്ടറി ശ്രുതി, ഐ ലാബ് ഇൻചാർജ് അമൃത, മണ്ണാർക്കാട് ബിആർസി ബ്ലോക്ക് പ്രോജക്ട് കോഓർഡിനേറ്റർ കെ.കെ. മണികണ്ഠൻ എന്നിവർ പ്രസംഗിച്ചു.

5, 6, 7 ക്ലാസുകളിലെ പഠനപ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവിധ ലാബ് ഉപകരണങ്ങളാണ് വിദ്യാലയങ്ങൾക്ക് വിതരണം ചെയ്യുന്നത്. മണ്ണാർക്കാട് ബിആർസി പരിധിയിലെ 12 വിദ്യാലയങ്ങളിൽ സൗകര്യം ലഭ്യമാകും.



# പൂമലയുടെ പച്ചത്തണലിലേക്ക് സഞ്ചാരികളുടെ പ്രവാഹം

തൃശൂർ: പ്രകൃതി കാത്തുവച്ച ഹരിതഭംഗിയിൽ അലിഞ്ഞുചേരാൻ കൊതിക്കുന്ന സഞ്ചാരികൾക്കായി പച്ചമരങ്ങൾ തണൽവിരിച്ച സുന്ദരമായ വഴികളുമായി പൂമല കാത്തിരിക്കുന്നു. കൺകുളിർക്കുന്ന കാഴ്ചകളുമായി തൃശൂർക്കാരുടെ സ്വന്തം പൂമല ഡാം യാത്രികരെ വരവേൽക്കുകയാണ്. തൃശൂർ നഗരത്തിൽനിന്ന് 12 കിലോമീറ്റർ മാത്രം അകലെയുള്ള പൂമലയിലേക്ക് നിരവധിപേരാണ് ഇപ്പോൾ എത്തുന്നത്.

എൻട്രി ഫീസുകൾ നൽകാതെ മനോഹരമായ ഈ അന്തരീക്ഷം ആസ്വദിക്കാമെന്നതാണ് പൂമലയുടെ പ്രത്യേകത. ഡാമിലേക്കും അവിടുത്തെ പാർക്കിലേക്കും പ്രവേശനം സൗജന്യമാണ്. ഡാം റിസർവോയറിലെ ആമ്പൽപ്പൂക്കളുടെ സൗന്ദര്യവും അവയ്ക്കിടയിലൂടെയുള്ള കുറഞ്ഞ ചിലവിലെ ബോട്ടു സവാരിയും ആസ്വദിക്കാൻ തിരക്കേറുകയാണിപ്പോൾ.

മഴ ശക്തമായാൽ തട്ടുതട്ടുകളായി താഴേക്ക് പതിക്കുന്ന മനോഹരമായ വെള്ളച്ചാട്ടത്തിന്റെ ഭംഗിയും കണ്ടു രസിക്കാം. ഡാമിനോടുചേർന്ന് മഞ്ഞപ്പൂക്കൾ വിരിഞ്ഞുനിൽക്കുന്ന പച്ചപ്പുൽതകിടിയും തണൽമരങ്ങളും നിറഞ്ഞ വേറിട്ടൊരു ഇടവും പ്രകൃതിതന്നെ ഇവിടെ ഒരുക്കിയിട്ടുണ്ട്. രാത്രി എട്ടുമണി വരെയാണ് ഡാം പാർക്കിലേക്ക് സഞ്ചാരികൾക്ക് പ്രവേശനമുള്ളത്.

ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഒരു വർഷം മുമ്പ് സേവ്യർ ചിറ്റിലപ്പിള്ളി എംഎൽഎ ഉദ്ഘാടനം ചെയ്ത ബോട്ടിംഗ് സൗകര്യങ്ങളാണ് ഇപ്പോൾ പൂമലയിലെ പ്രധാന ആകർഷണം.

ഓളപ്പരപ്പിൽ സാഹസികത കൊതിക്കുന്നവർക്കായി നാല് ഡബിൾ കയാക്കുകളും മൂന്ന് സിംഗിൾ കയാക്കുകളുമടക്കം ഒരേസമയം 11 പേർക്കുവരെ യാത്രചെയ്യാവുന്ന കയാക്കിംഗ് സൗകര്യം ഇവിടെയുണ്ട്. സുരക്ഷിതമായി പ്രകൃതിഭംഗി നുകരാൻ ജീവനക്കാർതന്നെ തുഴയുന്ന രണ്ടു കൊട്ടവഞ്ചികളാണ് മറ്റൊരാകർഷണം. രണ്ടിലുമായി ഒരേസമയം എട്ടു പേർക്ക് യാത്രചെയ്യാം. കൂടാതെ അഞ്ചുപേർക്കും രണ്ടുപേർക്കും കയറാവുന്ന അഞ്ചു പെഡൽ ബോട്ടുകളും ഇവിടെ സജ്ജം. പൂമലയിലെ റിസോർട്ടുകളിൽ എത്തുന്ന സഞ്ചാരികൾക്കും ഈ സൗകര്യം ഏറെ പ്രയോജനപ്പെടുന്നുണ്ട്.

കയാക്കിംഗ്, പെഡൽ ബോട്ടിംഗ്, കൊട്ടവഞ്ചി എന്നിവയ്ക്ക് ഒരാൾക്ക് അരമണിക്കൂറിന് 100 രൂപ മാത്രമാണ് ഈടാക്കുന്നതെന്നു നടത്തിപ്പുകാരൻ ബൈജു പറഞ്ഞു. തിരക്കില്ലാത്ത സമയങ്ങളിൽ എത്തുന്നവർക്ക് കൂടുതൽ സമയം അനുവദിക്കാൻ ഇവിടുത്തെ ജീവനക്കാരും തയാറാണ്.

സൂര്യോദയം മുതൽ സൂര്യാസ്തമയം വരെയാണ് ബോട്ടിംഗിൻറെ പ്രവർത്തന സമയം. മോണിംഗ് റൈഡ് ഇഷ്ടപ്പെടുന്നവർക്കായി രാവിലെ ആറുമുതൽ വിളിച്ചാൽ പോലും സൗകര്യമൊരുക്കാൻ ജീവനക്കാർ റെഡിയാണ്. ശനി, ഞായർ ദിവസങ്ങളിലെ വൈകുന്നേരങ്ങളിലാണ് ഇവിടെ സാധാരണയായി കൂടുതൽ തിരക്ക് അനുഭവപ്പെടുന്നത്.

ഇവിടെ പണ്ട് കൃഷി ആവശ്യങ്ങൾക്കായി നിർമിച്ച ചെക്ക്ഡാം പിന്നീട് ടൂറിസം വകുപ്പ് ഏറ്റെടുക്കുകയായിരുന്നു. 2010 മാർച്ച് 21ന് അന്നത്തെ മന്ത്രിയായിരുന്ന കോടിയേരി ബാലകൃഷ്ണനാണ് ഇവിടം ഔദ്യോഗികമായി ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിച്ചത്.

# ധന്യൻ മാർ ഇവാനിയോസിന്റെ ഓർമപ്പെരുന്നാൾ ആചരിച്ചു

**കല്ലടിക്കോട്:** മലങ്കര സുറിയാനി കത്തോലിക്ക സഭ, മൂവാറ്റുപുഴ ഭദ്രാസനത്തിലെ കരിമ്പ മേഖലയുടെ നേതൃത്വത്തിൽ കരിമ്പ നിർമലഗിരി സെൻറ് മേരീസ് തീർഥാടന പള്ളിയിൽ ധന്യൻ മാർ ഇവാനിയോസിന്റെ 73ാം ഓർമപ്പെരുന്നാൾ ആചരിച്ചു.

രാവിലെ അനുസ്മരണ പദയാത്രകൾ കാഞ്ഞിക്കുളം തിരുക്കുടുംബ പള്ളിയിൽനിന്നും ചിറക്കൽപ്പടി സെൻറ് ജോർജ് പള്ളിയിൽനിന്നും തീർഥാടന പള്ളിയിലേക്ക് എത്തിച്ചേർന്നു. പള്ളിയങ്കണത്തിൽ ബിഷപ് ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസിനെ സ്വീകരിച്ചു. തുടർന്ന് ബിഷപിന്റെ മുഖ്യ കാർമികത്വത്തിൽ ആഘോഷമായ സമൂഹബലി നടന്നു.



വിശുദ്ധ കുർബാനയ്ക്കുശേഷം നടന്ന പൊതുസമ്മേളനത്തിൽ വിവിധ പള്ളികളിലെ വൈദികർ, കന്യാസ്ത്രീകൾ, വിവിധ ഭക്തസംഘടന പ്രതിനിധികൾ പങ്കെടുത്തു. അക്കാദമിക തലത്തിലും കലാകായിക രംഗങ്ങളിൽ ഉന്നത വിജയം നേടിയവരേയും ചടങ്ങിൽ ആദരിച്ചു.

ഐസക്ക് മാർ യൂഹാനോൻ മെമ്മോറിയൽ അവാർഡ്, വേളൂർ ഐസക്ക് ആൻഡ് മറിയാമ്മ മെമ്മോറിയൽ എക്സലൻസി അവാർഡുകൾ ചടങ്ങിൽ ബിഷപ് സമ്മാനിച്ചു. ഫാ. പൗലോസ് കിഴക്കനേടത്ത് അധ്യക്ഷനായി.

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജേക്കബ് ഇരമംഗലത്ത് നന്ദി പറഞ്ഞു. ഫാ. ജോർജ് മാരാംകണ്ടം, ഫാ.അഡ്വ. സന്തോഷ് പുളിക്കൽ, ഫാ. ഗീവർഗീസ് മേലേപ്പീടികയിൽ, ഫാ. സജിൻ ആലാട്ടുവിളൈ, ഫാ. ജേക്കബ് കൈലാത്ത്, ഫാ. പൗലോസ് പരിയാരത്ത് എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

# അസോള മികച്ച കാലിത്തീറ്റ

വളർത്തുമൃഗങ്ങൾക്കും പക്ഷികൾക്കും തീറ്റയായും ജൈവവളമായും ജൈവ ഇന്ധനമായും ഉപയോഗിക്കാവുന്ന കുഞ്ഞൻ ഇലസസ്യമാണ് അസോള. ഇതു ശുദ്ധജലത്തിൽ വളരുന്ന പന്നൽ വിഭാഗത്തിൽപെടുന്നു. 20–25% വരെ മാംസ്യവും 10–15% ധാതുക്കളും 7–10% അമിനോ അമ്ലങ്ങളും അടങ്ങിയതിനാൽ വളർത്തുമൃഗങ്ങൾക്കും പക്ഷികൾക്കും മറ്റും മികച്ച തീറ്റയാണ്. അസോള നൽകുന്നതു വഴി കന്നുകാലികളിൽ പാലുൽപാദനം വർധിക്കുന്നു. അസോള കൊടുക്കുമ്പോൾ തിരിത്തീറ്റയുടെ അളവ് 10–15% വരെ കുറയ്ക്കാം. പശുവിന് 2–3 കിലോ, ആടിന് 300–500 ഗ്രാം, മുട്ടക്കോഴിക്ക് 20 ഗ്രാം, താറാവിന് 30–40 ഗ്രാം എന്ന തോതിൽ നൽകാം. മത്സ്യങ്ങൾക്കും ഇതു തീറ്റയിൽ കലർത്തി നൽകാം.

അധികം വെയിലില്ലാത്ത സ്ഥലത്ത് 2 മീറ്റർ നീളവും ഒരു മീറ്റർ വീതിയും 20 സെ.മീ. ആഴവുമുള്ള കുഴിയു ണ്ടാക്കുക. കുഴിയുടെ അടിഭാഗം നിരപ്പാക്കി അതിനു മുകളിൽ 150 ഗേജ് പോളിത്തീൻ ഷീറ്റ് വിരിക്കുക. ഷീറ്റ് ഉള്ളിലേക്ക് വീഴാതിരിക്കാൻ ഇഷ്ടിക നിരത്തുക. ശേഷം 25 കിലോ മണ്ണ് ഇതിലേക്ക് നിരത്തുക. തുടർന്ന് 5 കിലോ ചാണകം, 30 ഗ്രാം സൂപ്പർ ഫോസ്ഫേറ്റ് എന്നിവ 10 ലീറ്റർ വെള്ളത്തിൽ കലക്കി ഒഴിക്കുക. ഇതിനു മേൽ10 സെ.മീ. ഉയരത്തിൽ വെള്ളം ഒഴിച്ചു ചതുരശ്രമീറ്ററിന് 500 ഗ്രാം എന്ന തോതിൽ അസോള ഇട്ടുകൊ ടുക്കണം. 6 മാസം കഴിയുമ്പോൾ പുതിയ കൃഷി തുടങ്ങാം. ഒരാഴ്ചയ്ക്കകം ടാങ്ക് അസോളകൊണ്ടു നിറയും. ഇതിനു ശേഷം പ്രതിദിനം അര കിലോ മുതൽ ഒരു കിലോ വരെ വിളവെടുക്കാം. ദിവസേന വിളവെടുക്കുകയാണെങ്കിൽ ആഴ്ചയിൽ ഒരിക്കൽ രാജ്ഫോസും ഒരു കിലോ ചാണകവും ടാങ്കിൽ ചേർത്തു കൊടുക്കണം. പ്ലാസ്റ്റിക്ക് അരിപ്പയോ ചുവട്ടിൽ ദ്വാരങ്ങളുള്ള ട്രേയിലോ ശേഖരിക്കാം. വിളവെടുത്തശേഷം ശുദ്ധജലത്തിൽ കഴുകി ചാണകമണം മാറ്റിയതിനു ശേഷം മാത്രമേ കന്നുകാലികൾക്കു നൽകാവൂ. തിങ്ങിവളർന്നാൽ തുടർ വളർച്ചയെ ബാധിക്കും. അതിനാൽ ദിവസേന വിളവെടുക്കുക. അസോള കോരിയെ ടുക്കുന്നതിന് ഒരു ച. സെ.മീ. കണ്ണിവലുപ്പമുള്ള ട്രേ ഉപയോഗിക്കുന്നതു വിത്തുകൾ നഷ്ടപ്പെടാതിരിക്കാൻ സഹായിക്കും. കന്നുകാലിക്കു കൊടുക്കും മുൻപ് നന്നായി കഴുകി ചാണകമണം മാറ്റണം. ആഴ്ചയിലൊരിക്കൽ മൂന്നിലൊന്നു ഭാഗം വെള്ളം മാറ്റി പുതിയ വെള്ളം ഒഴിക്കുക. ഇതു നൈട്രജന്റെ അളവ് ക്രമാതീതമാകുന്നതു തടയും.



6 മാസം കൂടുമ്പോഴോ വലിയ തോതിൽ രോഗ, കീട ലക്ഷണങ്ങൾ കാണുമ്പോഴോ ബെഡ് മാറ്റി പുതുതായി കൃഷി ചെയ്യുന്നതാണു നന്ന്. നേരിട്ട് സൂര്യപ്രകാശം അടിക്കുന്നതു ചൂട് അധികമാകാനും അസോള തവിട്ടുനിറമായി നശിക്കാനും ഇടയാക്കും. തൻമൂലം കുറച്ചു സമയമെങ്കിലും തണലുള്ള സ്ഥലം തിരഞ്ഞെടുക്കുക. അസോള വളർത്തുന്ന കുഴിയിൽ കാറ്റ് വീശി അടിച്ചാൽ അത് വെള്ളത്തിൽ ചലനമുണ്ടാക്കി വിത്തുകൾ ഒരു വശത്ത് അടിഞ്ഞുകൂടാനിടയാക്കും. അതുകൊണ്ട് കാറ്റ് കുറഞ്ഞ സ്ഥലം തിരഞ്ഞെടുക്കുന്നതാണ് ഉചിതം.

# മില്ലറ്റ് കൃഷി; കുറഞ്ഞ ചെലവിൽ കൂടുതൽ നേട്ടം

മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥയും ജലദൗർലഭ്യവും ഇന്ന് കർഷകർ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളാണ്. ഈ സാഹചര്യത്തിൽ, കുറഞ്ഞ വെള്ളവും പരിചരണവും കൊണ്ട് മണ്ണിൽ പൊന്ന് വിളയിക്കാൻ സാധിക്കുന്ന മികച്ചൊരു ബദലാണ് മില്ലറ്റ് കൃഷി. വരൾച്ചയെ പ്രതിരോധിക്കാൻ സവിശേഷ ശേഷിയുള്ള പുൽവർഗ സസ്യങ്ങളാണ് മില്ലറ്റുകൾ. അരിയെയോ ഗോതമ്പിനെയോ അപേക്ഷിച്ച് വളരെ കുറഞ്ഞ അളവിൽ മാത്രമേ ഇവയ്ക്ക് വെള്ളം, വളം, കീടനാശിനികൾ എന്നിവ ആവശ്യമുള്ളൂ. അതുകൊണ്ടുതന്നെ ഗുണമേന്മ കുറഞ്ഞ വരണ്ട മണ്ണിലും ഇവ സമൃദ്ധമായി വളരും.

ആയിരക്കണക്കിന് ചെറുധാന്യങ്ങൾ ഉണ്ടെങ്കിലും, ഇപ്പോൾ വ്യാവസായികാടിസ്ഥാനത്തിൽ ഒൻപത് ചെറുധാന്യങ്ങളാന്ന് കൃഷി ചെയ്യുന്നത്. അവ റാഗി, ചാമ, തിന, വരക്, ബജ്റ (കമ്പ്), മണിച്ചോളം, പനിവരക്, ബ്രൗൺ ടോപ്പ് (മലഞ്ചാമ), കുതിരവാലി എന്നിവയാണ്. ശാസ്ത്രം ചെറുധാന്യങ്ങളെ രണ്ടായി തരം തിരിച്ചിരിക്കുന്നു  മേജർ മില്ലറ്റുകൾ, മൈനർ മില്ലറ്റുകൾ. മണിച്ചോളം, ബജ്റ, റാഗി എന്നിവ മേജർ മില്ലറ്റുകൾ ആണ്. ചാമ, തിന, പനിവിരക്, കുതിരവാലി, ബ്രൗൺ ടോപ്പ് വരക് എന്നിവ മൈനർ മില്ലറ്റുകളും.



ഒരുകാലത്ത് നമ്മുടെ പാടങ്ങളിൽ ഈ ഗണത്തിൽപ്പെടുന്ന ചാമയും തിനയും ചോളവും കൂവരകുമെല്ലാം കൃഷിചെയ്തിരുന്നു. അന്ന് ഇവയ്ക്കു നമ്മുടെ ആഹാരക്രമത്തിൽ പ്രധാന സ്ഥാനവുമുണ്ടായിരുന്നു. എന്നാൽ ബിസ്കറ്റ്, പാസ്ത, ബ്രേക്ഫാസ്റ്റ് സിറിയൽസ്, മൾട്ടി ഗ്രേയ്ൻ ആട്ട എന്നീ രൂപങ്ങളിൽ ഇവ വീണ്ടും വിപണിയിൽ സ്ഥാനം പിടിക്കുകയാണ്.

പോഷകമൂല്യത്തിന്റെ അളവെടുത്താൽ ഗോതമ്പിനെക്കാളും അരിയെക്കാളും മുൻപിലാണ് ചെറുധാന്യങ്ങൾ. ഭക്ഷണത്തിലെ നാരുകൾ ശരീരത്തിലെ ദഹനം, വിസർജന വ്യവസ്ഥകളെ സഹായിക്കുകയും രക്തത്തിലെ കൊളസ്ട്രോളിന്റെയും പഞ്ചസാരയുടെയും അളവിനെ നിയന്ത്രിക്കുകയും ചെയ്യുന്നു. നമ്മിൽ പലരും ഇന്ന് ഇതിനായി ആശ്രയിക്കുന്ന ഓട്സിലുള്ളതിനു സമാനമായ തോതിൽ നാരുകൾ ചെറുധാന്യങ്ങളിലുമുണ്ട്. വരക്, ചാമ, കവടപ്പുല്ല്, റാഗി എന്നിവ നാരുകളുടെ നല്ല സ്രോതസ്സുകളാണ്. ധാതുക്കളുടെ അളവിൽ ഇവ അരിയെക്കാളും ഗോതമ്പിനെക്കാളും ഒരു പടി മുന്നിലാണ്.

ശരിയായ വളർച്ചയ്ക്ക് 25ꠥഇ നും 35ꠥഇ നും ഇടയിൽ താപനില ആവശ്യമുള്ള ഒരു ഊഷ്മള വിളയാണിത്. എന്നാൽ ഇവയ്ക്ക് മഞ്ഞുവീഴ്ചയോട് തീരെ പ്രതിരോധശേഷിയില്ല. പ്രതിവർഷം 300 മുതൽ 600 മില്ലിമീറ്റർ വരെ മാത്രം മഴ ലഭിക്കുന്ന വരണ്ട പ്രദേശങ്ങളിലും ഇവ നന്നായി വളരും. സാധാരണയായി നമ്മുടെ മൺസൂൺ കാലവർഷത്തിന് അനുയോജ്യമായ വിള രീതികളാണിത്. നല്ല നീർവാർച്ചയുള്ള പശിമരാശി മണ്ണോ, മണൽ മണ്ണോ, കളിമണ്ണോ മില്ലറ്റ് കൃഷിക്ക് തിരഞ്ഞെടുക്കാം. മണ്ണിന്റെ പിഎച്ച് മൂല്യം 5.5 നും 7.0 നും ഇടയിലായിരിക്കുന്നതാണ് ഉത്തമം. എന്നാൽ വെള്ളക്കെട്ടുള്ള സാഹചര്യങ്ങൾ ഇവയ്ക്ക് ഒട്ടും അനുയോജ്യമല്ല. മില്ലറ്റ് കൃഷിയിൽ ഏറ്റവും പ്രധാനപ്പെട്ടത് വിത്തുതടം കൃത്യമായി ഒരുക്കുക എന്നതാണ്. തുടക്കത്തിൽ ഉണ്ടാകുന്ന കളകളെ നിയന്ത്രിക്കാനും മണ്ണിലെ കട്ടിപ്പാലങ്ങൾ തകർക്കാനും 20 മുതൽ 30 സെന്റീമീറ്റർ ആഴത്തിൽ മണ്ണ് നന്നായി ഉഴുതുമറിക്കണം. വളർച്ചയുടെ ആദ്യഘട്ടങ്ങളിൽ കളകളോട് മത്സരിക്കാൻ മില്ലറ്റുകൾക്ക് ശേഷി കുറവായതിനാൽ, കട്ടകളില്ലാത്ത ഉറപ്പുള്ള വിത്തുതടം ഒരുക്കേണ്ടത് അത്യാവശ്യമാണ്.

ജൂലൈ പകുതി വരെയുള്ള സമയമാണ് വിതയ്ക്കാൻ ഏറ്റവും അനുയോജ്യം. കാളകളെ പൂട്ടിയ കലപ്പ ഉപയോഗിച്ചോ ട്രാക്ടർ ഉപയോഗിച്ചോ 5 മുതൽ 7 സെന്റീമീറ്റർ വരെ ആഴത്തിൽ വേണം വിത്തുകൾ നടാൻ.

മില്ലറ്റുകളുടെ വളർച്ചയെ പരിമിതപ്പെടുത്തുന്ന പ്രധാന ഘടകം നൈട്രജന്റെ കുറവാണ്. എങ്കിലും മറ്റ് വിളകളെ അപേക്ഷിച്ച് വളരെ ചെറിയ അളവിൽ നൈട്രജൻ, ഫോസ്ഫേറ്റ് വളങ്ങൾ നൽകിയാൽ തന്നെ ഇവയിൽ നിന്ന് മികച്ച വിളവ് ലഭിക്കും. വളരെ കുറഞ്ഞ ആയുസ്സുള്ള വിളകളാണിവ. വെറും 90 മുതൽ 120 ദിവസങ്ങൾക്കുള്ളിൽ ഇവ വിളവെടുപ്പിന് പാകമാകും. ധാന്യങ്ങളിലെ ഈർപ്പത്തിന്റെ അളവ് കുറയുമ്പോൾ കൈകൊണ്ടോ അല്ലെങ്കിൽ കംബൈൻ ഹാർവെസ്റ്ററുകൾ (കൊയ്ത്തു യന്ത്രങ്ങൾ) ഉപയോഗിച്ചോ എളുപ്പത്തിൽ വിളവെടുപ്പ് നടത്താവുന്നതാണ്.

# രാവു താണ്ടി

## പുതിയ ഗാനം പുറത്തിറങ്ങി



പൃഥിരാജ് സുകുമാരൻ, പാർവതി തിരുവോത്ത് എന്നിവർ കേന്ദ്ര കഥാപാത്രങ്ങളായി എത്തുന്ന 'ഐ നോബഡി' സിനിമയിലെ പുതിയ ഗാനം 'രാവു താണ്ടി..' പുറത്തിറങ്ങി. ട്രെൻഡ് സെറ്റർ സംഗീത സംവിധായകൻ ജേക്സ് ബിജോയ് ഒരുക്കിയ ഗാനം രചിച്ചത് അൻവർ അലിയാണ്. സിതാര കൃഷ്ണകുമാർ ആലപിച്ച ഗാനത്തിന്റെ പ്രൊഡ്യൂസേഴ്സ് ജേക്സ് ബിജോയ്, അലൻ ജോയ് മാത്യു, ആൻഡ്രൂ ഗെർലിച്ചർ, മനീഷ് ഷാജി എന്നിവരാണ്. വേൾഡ് വൈഡ് റിലീസായി ജൂലൈ 9ന് പുറത്ത് വരുന്ന ചിത്രത്തെ ഏറെ ആകാംഷയോടെയാണ് പ്രേക്ഷകർ കാത്തിരിക്കുന്നത്.

നിരൂപക പ്രേക്ഷക പ്രശംസ നേടിയ സൂപ്പർ ഹിറ്റ് മമ്മൂട്ടി ചിത്രം റോഷാക്കിന് ശേഷം നിസാം ബഷീർ സംവിധാനം ചെയ്യുന്ന 'ഐ നോബഡി' പൃഥിരാജ് പ്രൊഡക്ഷൻസിന്റെയും ഇ4 എക്സ്പെരിമെന്റ്സിന്റെ ബാനറിൽ സുപ്രിയ മേനോനും മുകേഷ് ആർ മേത്തയും സി വി സാരഥിയും ചേർന്നാണ് നിർമ്മിക്കുന്നത്. കഴിഞ്ഞ ആഴ്ച പുറത്തിറങ്ങിയ സജ്ജേ ഖബ്ബെ എന്ന് തുടങ്ങുന്ന ആന്തം ഓഫ് നോബഡി സോഷ്യൽ മീഡിയയിൽ ഹിറ്റായിരുന്നു. ചിത്രത്തിൽ 8 ഗാനങ്ങളാണ് അടങ്ങിയിട്ടുള്ളത്.

ചിത്രത്തിന്റെ ട്രെയിലറിനും ഗംഭീര അഭിപ്രായമാണ് ലഭിച്ചത്. ബാങ്ക് മോക്ഷണത്തെ ചുറ്റിപ്പറ്റി നടക്കുന്ന ഹീസ്റ്റ് ഴോണറിയിൽ എത്തുന്ന സിനിമയാകും 'ഐ നോബഡി' എന്നാണ് ട്രെൻഡിങ്ങിൽ തുടരുന്ന ട്രെയ്ലർ നൽകുന്ന സൂചന. റോഷാക്ക്, ഇബിലീസ് എന്നീ ചിത്രങ്ങൾക്ക് ശേഷം സമീർ അബ്ദുളാണ് ഐ, നോബഡിയുടെയും രചന നിർവഹിക്കുന്നത്. എന്ന് നിന്റെ മൊയ്തീൻ, കൂടെ തുടങ്ങിയ സൂപ്പർഹിറ്റുകൾക്ക് ശേഷം പൃഥിരാജും പാർവതിയും വീണ്ടും ഒന്നിക്കുന്ന ചിത്രം എന്ന പ്രത്യേകത കൂടി നോബഡിക്കുണ്ട്. ഇതുവരെ മലയാളം സിനിമയിൽ കാണാത്ത തരത്തിലുള്ള വ്യത്യസ്തമായ മേക്കിങ് ആണ് ഇതെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നുണ്ട്. വാനിക്ക് ബെൻ & കലൈ കിംഗ്സ്റ്റൺ & അമിത് ജോളി ബാസ്റ്റിൻ എന്നിവർ ഒരുക്കുന്ന 5 ഹൈ വോൾടേജ് ആക്ഷൻ രംഗങ്ങളും കാർ ചേസ് രംഗങ്ങളും ചിത്രത്തിലുണ്ടെന്നാണ് റിപ്പോർട്ട്. ഹക്കിം ഷാജഹാൻ, അശോകൻ, വിജയരാഘവൻ, മധുപാൽ, ശങ്കർ രാമകൃഷ്ണൻ, നക്ഷത്ര, ഐറാ, നിഷാന്ത് സാഗർ, നന്ദു, നൗഷാദ് ബോംബെ, ജിജോയ് രാജഗോപാൽ, ഖാലിദ് റഹ്മാൻ, സഞ്ജു ശിവറാം, സുധി കോപ്പ, ബീന ചന്ദ്രൻ, സന അൽതാഫ്, കൃഷ്ണൻ ബാലകൃഷ്ണൻ, ദിനേശ് ആലപ്പുഴ, റോണി വർഗീസ്, മനോജ് കെ യൂ, ഇർഷാദ് അലി, സുധി കോഴിക്കോട്, മഹേന്ദ്രൻ, ആൽബിൻ അലക്സ്, ജിതിൻ മദനൻ തുടങ്ങിയവൻ താരനിരയും ചിത്രത്തിൽ അഭിനയിക്കുന്നുണ്ട്. ഛായാഗ്രഹണം ദിനേശ് പുരുഷോത്തമൻ, ലൈൻ പ്രൊഡ്യൂസർ ഹാരിസ് ദേശം, എഡിറ്റിംഗ് റമീസ് എംബി, പ്രൊഡക്ഷൻ ഡിസൈനർ അർഷാദ് നാക്കോത്ത്, മേക്കപ്പ് റോണക്സ് സേവിയർ, കോസ്റ്റ്യൂംസ് ധന്യ ബാലകൃഷ്ണൻ, പ്രൊഡക്ഷൻ കൺട്രോളർ റിനി ദിവാകർ, ഫിനാൻസ് കൺട്രോളർ കിരൺ നെട്ടയം, സംഘടന സംവിധാനം വാനിക്ക് ബെൻ & കലൈ കിംഗ്സ്റ്റൺ & അമിത് ജോളി ബാസ്റ്റിൻ, സൗണ്ട് ഡിസൈനർ നിക്സൺ ജോർജ്, വി എഫ് എക്സ് ലവാ കുശ, മാർക്കറ്റിംഗ്: കാറ്റലിസ്റ്റ്, ഡിസൈൻ: റ്റിംഗ്, പ്രൊമോഷൻസ് പൊഫാക്ഷിയോ, ഡിജിറ്റൽ മാർക്കറ്റിംഗ് വിപിൻ കുമാർ. വി, കളറിസ്റ്റ് സുരേഷ് രവി, സ്റ്റീൽസ് രോഹിത് കെ സുരേഷ്, ഡിസൈൻസ് യെല്ലോ ടൂത്ത്, ടീസർ എഡിറ്റ് ബ്ലെസ് തോമസ്.



# അവറാച്ചൻ ആൻഡ് സൺസ്

ചിരിയും ചിന്തയും ലേശം കൗതുകവുമായി ബിജുമേനോൻ ചിത്രം അവറാച്ചൻ ആൻഡ് സൺസിന്റെ ടീസറെത്തി. നവാഗതനായ തമ്പി ആണ് ചിത്രത്തിൻറെ സംവിധാനം. അവറാച്ചനും മക്കളും അവരുടെ കുടുംബ ബന്ധങ്ങളും സാമൂഹിക ബന്ധങ്ങളും ഇഴചേരുന്ന നർമ്മത്തിൽ ചാലിച്ച രസകരമായ ഫാമിലി ഡ്രാമയുടെ തിരക്കഥ ഒരുക്കിയിരിക്കുന്നത് ജോസഫ് വിജീഷും തമ്പിയും ചേർന്നാണ്.

മികച്ച പ്രതികരണമാണ് ചിത്രത്തിന്റെ ടീസറിനു ലഭിക്കുന്നത്. ബിജു മേനോന്റെയും മറ്റു താരങ്ങളുടെയും ശ്രദ്ധേയമായ പ്രകടനമാണ് ടീസറിന്റെ ആകർഷണം. പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾ പൂർത്തിയായ ചിത്രം ഉടൻ തിയറ്ററുകളിലേക്കെത്തും.

കുടുംബപ്രേക്ഷകർക്ക് തിയറ്ററിൽ ആഘോഷമാക്കാൻ വീണ്ടും ഒരു ബിജു മേനോൻ ചിത്രം പ്രേക്ഷകർക്ക് സമ്മാനിക്കുകയാണ് നിർമാതാവായ ലിസ്റ്റിൻ സ്റ്റീഫന്റെ മാജിക് ഫ്രെയിംസ്. ബിജുമേനോൻ നായകനാകുന്ന ചിത്രത്തിൽ ശ്രീനാഥ് ഭാസി, ഗണപതി, വിനയ് ഫോർട്ട്, ജോണി ആന്റണി, ഗ്രേസ് ആന്റണി, അഖില ഭാർഗവൻ, പൗളി വിത്സൺ, സാബുമോൻ, കോട്ടയം നസീർ, വിനീത് തട്ടിൽ, സാജൻ പള്ളുരുത്തി, ആഷിഖ് ഖാലിദ്, സുധി കോപ്പ, സജിൻ ചെറുകയിൽ, ഷാജു ശ്രീധർ, നിഷാ സാരംഗ് എന്നിവരാണ് ചിത്രത്തിലെ മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.

സഹ നിർമ്മാണം: ജസ്റ്റിൻ സ്റ്റീഫൻ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസേഴ്സ് : സന്തോഷ് കൃഷ്ണൻ, നവീൻ പി തോമസ്, ഡി ഓ പി: സജിത് പുരുഷൻ, എഡിറ്റർ: ആകാശ് ജോസഫ് വർഗീസ്, സംഗീതസംവിധാനം: സനൽ ദേവ്, ലൈൻ പ്രൊഡ്യൂസർ : അഖിൽ യെശോധരൻ, ആർട്ട് ഡയറക്ടർ: അജി കുറ്റിയാനി, വസ്ത്രാലങ്കാരം: സ്റ്റെഫി സേവ്യർ, മേക്കപ്പ്: റഷീദ് അഹമ്മദ്, സൗണ്ട് ഡിസൈൻ: ശങ്കരൻ എ.എസ്, കെ.സി. സിദ്ധാർത്ഥൻ, സൗണ്ട് മിക്സിങ് : വിഷ്ണു സുജാതൻ, പ്രൊഡക്ഷൻ കൺട്രോളർ : ഡിക്സൺ പൊടുത്താസ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ : ജിബിൻ ജോൺ, ഫസ്റ്റ് അസ്സോസിയേറ്റ് ഡയറക്ടർ: ഓസ്റ്റിൻ എബ്രഹാം, അഡ്മിനിസ്ട്രേഷൻ ആൻഡ് ഡിസ്ട്രിബ്യൂഷൻ ഹെഡ്: ബബിൻ ബാബു, സ്റ്റിൽസ്: ബിജിത് ധർമടം, മാർക്കറ്റിംഗ്: സൗത്ത് ഫ്രെയിംസ് എൻറർടൈൻമെൻറ്, ഡിജിറ്റൽ മാർക്കറ്റിംഗ്: ഒബ്സ്ക്യൂറ എൻറർടൈൻമെൻറ്, അഡ്വെർടൈസിംഗ്: ബ്രിംഗ് ഫോർത്ത്, വി എഫ് എക്സ്: പ്രോമിസ് സ്റ്റുഡിയോസ്, പബ്ലിസിറ്റി ഡിസൈൻ : ടെൻ പോയിൻറ്, പി ആർ ഓ: പ്രതീഷ് ശേഖർ.



# വിശ്വനാഥ് ആൻഡ് സൺസ് ഓഗസ്റ്റ് 14ന്

സൂര്യയെ നായകനാക്കി വെങ്കി അറ്റ്ലൂരി ഒരുക്കുന്ന വിശ്വനാഥ് ആൻഡ് സൺസ് ഓഗസ്റ്റ് 14ന് പ്രദർശനത്തിനെത്തും. മമിത ബൈജുവാണ് നായിക.

ലക്കി ഭാസ്കറിന് ശേഷം വെങ്കി അറ്റ്ലൂരി സംവിധാനം ചെയ്യുന്ന ചിത്രത്തിന് മേൽ സൂര്യ ആരാധകർക്കും പ്രതീക്ഷ ഏറെയാണ്.

രവീണ ടണ്ടൻ, രാധിക ശരത്കുമാർ എന്നിവരും ചിത്രത്തിൽ പ്രധാനവേഷത്തിലെത്തുന്നുണ്ട്. സിതാര എന്റർടെയിൻമെൻറ്സ് നിർമിക്കുന്ന ചിത്രത്തിന് ജി.വി. പ്രകാശ് കുമാർ സംഗീത സംവിധാനവും നിമിഷ് രവി ഛായാഗ്രഹണവും നിർവഹിക്കുന്നു.

എഡിറ്റർ നവീൻ നൂലി, പ്രൊഡക്ഷൻ ഡിസൈനർ ബംഗ്ലാൻ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ യലമഞ്ചിളി ഗോപാല കൃഷ്ണ (നാനി), ലൈൻ പ്രൊഡ്യൂസർ കരുമാഞ്ചി ഉമാ മഹേശ്വര റാവു, കലാസംവിധായകർ ശിവ കാമേഷ് ഡി, ജിത്തു സെബാസ്റ്റ്യൻ, ഫൈറ്റ് മാസ്റ്റർ വി. വെങ്കട്ട്, നൃത്തസംവിധാനം ശേഖർ വിജെ, വിജയ് ബിന്നി, സംഭാഷണങ്ങൾ കെ. എൻ. വിജയകുമാർ, ചീഫ് കോഡയറക്റ്റർ ശ്രീവാസ്തവ, കോഡയറക്ടർ അഞ്ജി ചോഡപനിഡി, വിഎഫ്എക്സ് സൂപ്പർവൈസർ വാസുദേവ റാവു മൊജ്ജാദ, ഡിഐ ന്യൂബ് സ്റ്റുഡിയോസ്, കളറിസ്റ്റ് വൈശാഖ് ശിവ, ഡോൾബി അറ്റ്മോസ് മിക്സ് ടി. ഉദയ് കുമാർ, ടീസർ കട്ട് ബലറാം കൃഷ്ണൻ, വിഷ്ണു രാമഗിരി, നിഖിൽ നാദെല്ല, ചീഫ് അസോസിയേറ്റ് എഡിറ്റർ ബലറാം കൃഷ്ണൻ, പിആർഒവാഴൂർ ജോസ്.





# സിൽക്ക് വീവ്സ് എക്സ്പോയ്ക്ക് തുടക്കമായി

**കൊച്ചി:** എറണാകുളത്ത് ആദ്യമായി സിൽക്ക് വീവ്സ് എക്സ്പോ'എത്തുന്നതോടെ, കൈത്തറി പ്രേമികൾക്കും വിവാഹ ആവശ്യങ്ങൾക്കായി ഷോപ്പിംഗ് നടത്തുന്നവർക്കും ഇതൊരു മികച്ച അവസരമായി മാറുന്നു. ഇന്ത്യയിലെ ഏറ്റവും വലിയ സിൽക്ക് എക്സ്പോ എന്നറിയപ്പെടുന്ന ഈ പ്രദർശനം, ഏറെ ആകാംക്ഷയോടെ കാത്തിരുന്ന ഓണം സ്പെഷ്യൽ എഡിഷൻ ഉൾപ്പെടെയുള്ള 'സിൽക്ക് ഫെസ്റ്റിവൽ ഇൻ എറണാകുളം' എന്ന ബൃഹത്തായ പരിപാടിക്ക് തുടക്കം കുറിക്കുന്നു.

ജൂലൈ 12 വരെ നീണ്ടുനിൽക്കുന്ന ഈ പ്രത്യേക ആഘോഷം, ദിവസവും രാവിലെ 11 മുതൽ രാത്രി 9 വരെ സന്ദർശകരെ സ്വാഗതം ചെയ്യുന്നു. എറണാകുളം പനമ്പിള്ളി നഗറിലെ റോട്ടറി ബാലഭവനാണ് ഈ മനോഹരമായ പരിപാടിക്കായി വേദിയായി തിരഞ്ഞെടുത്തിരിക്കുന്നത്.

എക്സ്പോയിലൂടെയുള്ള ഒരു നടത്തം ഇന്ത്യയുടെ നെയ്ത്ത് നിറങ്ങളിലൂടെയുള്ള ഒരു യാത്രയ്ക്ക് സമാനമാണ്. കൈകൊണ്ട് നിർമ്മിച്ച സിൽക്ക്, കോട്ടൺ സാരി, കുർത്തി, ഡിസൈനർ, എത്നിക് വെയർ, ഡ്രസ് മെറ്റീരിയൽ, ഹോം ലിനൻ, ഫാഷൻ ആഭരണങ്ങൾ തുടങ്ങി നിരവധി. തിളക്കമുള്ള നിറങ്ങളിലും മണ്ണിന്റെ നിറങ്ങളിലുമുള്ള ചണ സിൽക്കുകൾ, പോളിഷ് ചെയ്തതും അസംസ്കൃതവുമായ ടസ്സറുകൾ, കാന്തയിൽ നിർമ്മിച്ച സാരികൾ, ധകായ് ജംദാനി & മസ്ലിൻ സിൽക്ക്, ബാലുചാരി, ടാൻഗയിൽ, പശ്ചിമ ബംഗാളിൽ നിന്നുള്ള ലിനൻ സാരി എന്നിവ സ്വർണ്ണം കൊണ്ട് അലങ്കരിച്ച മനോഹരമായി തിളങ്ങുന്ന ഉപ്പട സാരികളുമായി മത്സരിക്കുന്നു. ഡബിൾ വീവ് ഇക്കാത്ത്, ഗിച്ച സിൽക്ക്, കോട്ടൺ എന്നിവ പണത്തിന് മൂല്യം നൽകുന്നു, പക്ഷേ സിൽക്ക് സാരി വളരെ വിലയേറിയതാണ്. ക്ലാസിക് സിൽക്കുകൾ ഔപചാരിക അവസരങ്ങൾക്ക് അനുയോജ്യമാണെങ്കിലും, ഇളം പാസ്റ്റൽ ഷേഡുകളുള്ള ലഖ്നൗവിൽ നിന്നുള്ള ചിക്കൻ വർക്ക് എല്ലാ പ്രായക്കാർക്കും അവസരങ്ങൾക്കും അനുയോജ്യമാണ്.

നിരവധി ഉൽപ്പന്നങ്ങൾക്ക് കിഴിവ് വാഗ്ദാനം ചെയ്യുന്ന ഈ പ്രദർശനത്തിൽ, റണ്ണിംഗ് മെറ്റീരിയൽ, സാരികൾ എന്നിങ്ങനെ ആകർഷകമായ ഭഗൽപുരി സിൽക്കുകളുടെ ഒരു വലിയ ശേഖരം തന്നെയുണ്ട്. ഉത്തർപ്രദേശിൽ നിന്നുള്ള ബനാറസ് സിൽക്കുകളും സിൽക്ക് കോട്ടണും രാജസ്ഥാനി ഡാബു പ്രിന്റ്, ബന്ദേജ്, ഗുജറാത്ത് പടോള, ബീഹാർ ടസ്സർ സിൽക്ക് എന്നിവയ്ക്ക് കടുത്ത മത്സരമാണ് നൽകുന്നത്. മഴവില്ല് നിറങ്ങളിൽ വർക്ക് ചെയ്ത ബോർഡറുകളുടെ റോളുകൾ, സീക്വിൻ വർക്ക് ചെയ്ത ബ്ലൗസ് പീസുകൾ, വസ്ത്രങ്ങൾക്കുള്ള യോക്കുകൾ തുടങ്ങിയവ നിങ്ങളിലെ ഡിസൈനറെ പ്രലോഭിപ്പിക്കുന്നു. അതിനാൽ, നിങ്ങളുടെ പഴ്സ് സ്ട്രിങ്ങുകൾ അഴിക്കാൻ നിങ്ങൾക്ക് പദ്ധതിയില്ലെങ്കിലും, ഇന്ത്യയുടെ തുണിത്തരങ്ങളുടെ വൈവിധ്യവും സമ്പന്നതയും ആസ്വദിക്കാൻ ഇവിടെയെത്തുക. എക്സ്പോ ജൂലൈ 12 ന് അവസാനിക്കും.




# അന്താരാഷ്ട്ര യാത്രകളിൽ 15 ശതമാനം വരെ കിഴിവുമായി എയർ ഇന്ത്യ എക്സ്പ്രസിൽ എക്സ്പ്ലോർ മോർ സെയിൽ

**കൊച്ചി:** അന്താരാഷ്ട്ര യാത്രകളിൽ 15 ശതമാനം വരെ കിഴിവുമായി എയർ ഇന്ത്യ എക്സ്പ്രസിൽ എക്സ്പ്ലോർ മോർ സെയിൽ ആരംഭിച്ചു. ജൂലൈ അഞ്ച് മുതൽ 2027 മാർച്ച് 27 വരെയുള്ള യാത്രകൾക്കായി ജൂലൈ ഒൻപത് വരെ ബുക്ക് ചെയ്യുന്ന ടിക്കറ്റുകളാണ് ഓഫർ നിരക്കിൽ ലഭിക്കുക. ജൂലൈ അഞ്ചിന് എയർ ഇന്ത്യ എക്സ്പ്രസ് മൊബൈൽ ആപ്പ്, വെബ്സൈറ്റ് എന്നിവിടങ്ങളിലൂടെയും ജൂലൈ ആറ് മുതൽ മറ്റ് ബുക്കിംഗ് ചാനലുകൾ വഴിയും ടിക്കറ്റുകളെടുക്കാം. ലൈറ്റ്, വാല്യൂ നിരക്കുകളിലാണ് ഈ ഓഫർ.

ഓഫർ കാലയളവിൽ എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലൂടെയും മൊബൈൽ ആപ്പിലൂടെയും ബുക്ക് ചെയ്യുന്ന ടിക്കറ്റുകൾക്ക് കൺവീനിയൻസ് ഫീ ഈടാക്കില്ല. കൂടാതെ ഒരു തവണ സൗജന്യമായി യാത്രാ തീയതി മാറ്റാനും സാധിക്കും. ടാറ്റാ ന്യൂപാസ് അംഗങ്ങൾക്ക് 500 രൂപ വരെയുള്ള അധിക ഡിസ്ക്കൗണ്ടും എട്ട് ശതമാനം വരെ ന്യൂകോയിനുകളും ലഭിക്കും.

ഇന്ത്യയിൽ നിന്നും വിവിധ ഗൾഫ്, തെക്കു കിഴക്ക് ഏഷ്യൻ രാജ്യങ്ങളിലേക്കായി എയർ ഇന്ത്യ എക്സ്പ്രസിന് ആഴ്ചതോറും 820 അന്താരാഷ്ട്ര വിമാന സർവീസുകളാണുള്ളത്. ഇന്ത്യയിലെ 43 വിമാനത്താവളങ്ങളെ ബന്ധിപ്പിച്ചുള്ള ആഭ്യന്തര വിമാന സർവീസുകൾക്ക് പുറമെയാണിത്. ബാങ്കോക്ക്, ഫുക്കറ്റ്, സിംഗപ്പൂർ, ബഹ്റൈൻ, കുവൈറ്റ്, ഒമാൻ, ഖത്തർ, സൗദി അറേബ്യ, യുഎഇ എന്നിവിടങ്ങളിലേക്കാണ് എയർ ഇന്ത്യ എക്സ്പ്രസിൻറെ അന്താരാഷ്ട്ര സർവീസുകൾ. അടുത്തിടെ നവി മുംബൈഅബുദാബി, ഗുവാഹത്തിഅബുദാബി, ഗുവാഹത്തിദുബായ് സർവീസുകളും എയർ ഇന്ത്യ എക്സ്പ്രസ് പ്രഖ്യാപിച്ചിരുന്നു.



# കൃത്രിമബുദ്ധിക്ക് ആരോഗ്യരംഗത്തെ കൂടുതൽ ജനകീയമാക്കാനാകും: ഡോ. നാഗേശ്വർ റെഡ്ഢി

**ഹൈദരാബാദ്:** കൃത്രിമബുദ്ധിക്ക് ആരോഗ്യരംഗത്തെ കൂടുതൽ ജനകീയവും ചെലവു കുറഞ്ഞതുമാക്കാൻ കഴിയുമെന്ന് പ്രശസ്ത ഗാസ്ട്രോ എന്ററോളജിസ്റ്റും പദ്മ പുരസ്കാരജേതാവും എഐജി ഹോസ്പിറ്റൽസ് ചെയർമാനുമായ ഡോ. ഡി. നാഗേശ്വർ റെഡ്ഢി.

ഐസിഎഫ്എഐ ഫൗണ്ടേഷൻ ഫോർ ഹയർ എഡ്യുക്കേഷൻറെ 16ാമത് സ്ഥാപകദിന പ്രഭാഷണം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ആർട്ടിഫിഷൽ ഇൻറലിജൻസും ആരോഗ്യരംഗത്തിന്റെ ഭാവിയും' എന്ന വിഷയത്തിലായിരുന്നു പ്രഭാഷണം.

എഐ ഒരിക്കലും ഡോക്ടർമാർക്കു പകരമാകില്ല. രോഗികളോടുള്ള സഹാനുഭൂതിയും സ്വാഭാവിക ബുദ്ധിയും ചേർന്നതാണ് വൈദ്യശാസ്ത്രം. എഐയെ ഡോക്ടർമാർക്കു പകരക്കാരനായല്ല, മറിച്ച് അവരുടെ കഴിവുകൾ വർധിപ്പിക്കാനുള്ള ഒരു ഉപകരണമായാണു കാണേണ്ടത്' അദ്ദേഹം പറഞ്ഞു.

മരുന്നു കണ്ടെത്തൽ പ്രക്രിയയെ പതിറ്റാണ്ടുകളിൽനിന്ന് വെറും രണ്ടു വർഷമായി ചുരുക്കാൻ എഐക്ക് സാധിച്ചിട്ടുണ്ട്. വരുംദശകത്തിൽ ഫാർമസ്യൂട്ടിക്കൽ ഗവേഷണങ്ങളിൽ ഇതു വലിയ വിപ്ലവം സൃഷ്ടിക്കും.

എഐജി ഹോസ്പിറ്റലിൽ നടപ്പാക്കിയ മിറ എന്ന എഐ റോബോട്ടിക് അസിസ്റ്റൻറ് ഡോക്ടർമാരെയും നഴ്സുമാരെയും സഹായിക്കുന്നതോടൊപ്പം രോഗികളുടെ കാത്തിരിപ്പുസമയം കുറയ്ക്കാനും സഹായിക്കുന്നുണ്ട്. രോഗിയുടെ നില വഷളാകുന്നതിന് ഒരു മണിക്കൂർ മുമ്പുതന്നെ മുന്നറിയിപ്പ് നൽകുന്ന ഐസേവ് എന്ന എഐ സംവിധാനവും തങ്ങൾ ഉപയോഗിക്കുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

രാജ്യത്തു വർധിച്ചുവരുന്ന ഫാറ്റി ലിവർ രോഗനിർണയം കുറഞ്ഞ ചെലവിൽ നടത്താനും എഐ സഹായിക്കുന്നുണ്ട്. എന്നാൽ, എഐയുടെ ഉപയോഗം കൂടുമ്പോൾ വിവരങ്ങളുടെ സുരക്ഷിതത്വം, സ്വകാര്യത, ധാർമികത എന്നിവ ഉറപ്പുവരുത്തേണ്ടതുണ്ടെന്നും അദ്ദേഹം ഓർമിപ്പിച്ചു.

ചടങ്ങിൽ ഐസിഎഫ്എഐ ചാൻസലർ ഡോ. സി. രംഗരാജൻ അധ്യക്ഷത വഹിച്ചു. എഐ സാങ്കേതികവിദ്യ അതിന്റെ പ്രാരംഭഘട്ടത്തിലാണെന്നും വിദ്യാഭ്യാസമേഖലയിലും മറ്റും മാറ്റങ്ങൾ വരുത്തുമ്പോഴും അതിൻറെ പരിമിതികൾ മനസിലാക്കി ഉത്തരവാദിത്വത്തോടെ ഉപയോഗിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഐസിഎഫ്എഐ ഗ്രൂപ്പ് സ്ഥാപകൻ എൻ.ജെ. യശസ്വിയുടെ സംഭാവനകളെ ചടങ്ങിൽ അനുസ്മരിച്ചു. വൈസ് ചാൻസലർ (ഇൻചാർജ്) ഡോ. ടി. കോട്ടി റെഡ്ഢി സ്വാഗതമാശംസിച്ചു.

വിവിധ സർവകലാശാലകളിലെ വൈസ് ചാൻസലർമാർ, അധ്യാപകർ, വിദ്യാർഥികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# വാട്സ് ആപ്പ്: യൂസർനെയിം തത്കാലം വേണ്ടെന്ന് കേന്ദ്രം

**ന്യൂദൽഹി:** ഫോൺ നമ്പർ വെളിപ്പെടുത്താതെ മറ്റുള്ളവരുമായി ചാറ്റ് ചെയ്യാൻ സഹായിക്കുന്ന ഈ ഫീച്ചർ രാജ്യത്ത് അവതരിപ്പിക്കുന്നത് നിർത്തിവയ്ക്കാൻ കേന്ദ്ര ഐടി മന്ത്രാലയം മെറ്റയോട് ആവശ്യപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് മൂന്നു ദിവസത്തിനകം മറുപടി നൽകാൻ ആവശ്യപ്പെട്ട് മന്ത്രാലയം കമ്പനിക്ക് നോട്ടീസ് അയച്ചു. ചർച്ചകൾ പൂർത്തിയാകുന്നതുവരെ ഫീച്ചർ ഇന്ത്യയിൽ ലഭ്യമാക്കരുതെന്നാണ് നിർദേശം.

ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകൾ, ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ, വ്യാജ അക്കൗണ്ടുകൾ വഴിയുള്ള ആൾമാറാട്ടം എന്നിവ വർധിക്കാൻ ഈ ഫീച്ചർ കാരണമായേക്കാമെന്ന് സർക്കാർ കത്തിൽ ആശങ്ക പ്രകടിപ്പിച്ചു. ഫോൺ നമ്പർ ഇല്ലാതെതന്നെ ആളുകളെ ബന്ധപ്പെടാൻ സാധിക്കുന്നത് കുറ്റവാളികൾക്കു സഹായകരമാകുമെന്നും സർക്കാർ വിലയിരുത്തുന്നു.

ഫോൺ നമ്പർ ഇല്ലാതെ അക്കൗണ്ടുകൾ തുടങ്ങാൻ അനുവദിക്കുന്ന ടെലിഗ്രാം പോലുള്ള ആപ്പുകൾ വഴി വലിയ രീതിയിൽ സൈബർ തട്ടിപ്പുകൾ നടക്കുന്നുണ്ടെന്ന ആഭ്യന്തര മന്ത്രാലയത്തിന്റെ റിപ്പോർട്ടിനു പിന്നാലെയാണ് വാട്സ്ആപ്പിനെതിരേയുള്ള സർക്കാരിന്റെ ഈ അടിയന്തര നീക്കം.